കേരള സർക്കാർ

നം.27279/ഡിസി1/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 22-6-09.

## സർക്കുലർ

വിഷയം:- രോഗപ്രതിരോധ പ്രവർത്തനങ്ങൾ - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ - സംബന്ധിച്ച്

മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനും കൊതുകു നശീകരണം ഉൾപ്പെടേയുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കുമുള്ള ഊർജ്ജിത ശ്രമങ്ങൾ സംസ്ഥാനമാകെ നടന്നുവരികയാണ്. മഴക്കാലത്ത് പകർച്ചവ്യാധികൾ വ്യാപകമാകുന്നതിന് നഗരപ്രദേശങ്ങളിലാണ് ഏറ്റവും സാധ്യതയുള്ളത്. ആയതിനാൽ നഗരപ്രദേശങ്ങളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ മുഴുവൻ സമയവും ഈ മഴക്കാലത്ത് പരിസരശുചീകരണ പ്രവർത്തനങ്ങളിലും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ഏർപ്പെടേണ്ടതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നഗരപ്രദേശങ്ങളിൽ നടക്കുന്നു എന്ന് ആരോഗ്യവിഭാഗം പ്രവർത്തകർ ഉറപ്പുവരുത്തേണ്ടതാണ്.

1. പൊതുസ്ഥലങ്ങളിലും പൊതുസ്ഥാപനങ്ങളിലും സ്കൂളുകളിലും ആശുപത്രികളിലും നേരിട്ട് സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
2. ഓടകളും, തോടുകളും, കുളങ്ങളും, കിണറുകളും കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
3. കോളനികൾ സന്ദർശിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.
4. പകർച്ചവ്യാധി പിടിപെട്ടവർ ആശുപത്രിയിൽ പോകും എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.
5. രോഗപ്രതിരോധ പ്രവർത്തനങ്ങളിലും രോഗബാധിത മേഖലകളിൽ അടിയന്തിര സഹായം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

6. എല്ലാ ഞായറാഴ്ചകളും വീടുകളിലും പരിസരങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തക്ക രീതിയിൽ ഡ്രൈഡേ ആചരിക്കുന്നതിന് പ്രേരണ നൽകുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണം.

നഗരപ്രദേശങ്ങളിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്താൻ ബാധ്യതയുള്ള ജീവനക്കാർ എന്ന നിലയിൽ പൂർണ്ണസമയവും ഇതിനായി നീക്കി വയ്ക്കേണ്ടതും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ആരോഗ്യവിഭാഗം ജീവനക്കാർ നടത്തുന്നു എന്ന് നഗരസഭാ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും ) നഗരകാര്യ ഡയറക്ടർ.
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും , സെക്രട്ടറിമാർക്കും ) മുഖാന്തിരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ.
പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻപ്രകാരം അയക്കുന്നത്.

സെക്ഷൻ ഓഫീസർ.